# വ്യവസായ കേരളം

47

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 AUGUST 2023





## നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ് (NSIC) നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും സീറോ ഡിഫെക്ട് സീറോ എഫക്ട് (ZED) സർട്ടിഫിക്കേഷൻ പദ്ധതിയുടെയും

# ശിൽപ്പശാല സംഘടിപ്പിച്ചു

നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ് (NSIC) സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കായി (MSMEs) നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും പ്രവർത്തങ്ങളുടെയും വിശദമായ ശിൽപ്പശാല സംഘടിപ്പിച്ചു. അതോടൊപ്പം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (MSME) തകരാറുകളില്ലാത്ത’"Zero Defect" ഉൽപന്നങ്ങൾ നിർമ്മിക്കാനും അതുവഴി പരിസ്ഥിതിയിൽ ’മാലിന്യമില്ലാത്ത’ ’Zero Effect’ സൃഷ്ടിക്കാനുമായുള്ള സർട്ടിഫിക്കേഷൻ ’സ്കീം (’ZERO DEFECT ZERO EFFECT [ZED]) സംബന്ധമായ വിവരങ്ങൾ ഉദ്യോഗസ്ഥർക്ക് മുന്നിൽ അവതരിപ്പിച്ചു.

ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ലഐ.എ.എസ്. അധ്യക്ഷത വഹിച്ചു.


സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കായി NSIC നടപ്പിലാക്കുന്ന സിംഗിൾ പോയിന്റ് രജിസ്ട്രേഷൻ പദ്ധതി, ബാങ്ക് വഴി ലഭ്യമാക്കുന്ന വായ്പാ പദ്ധതികൾ, ഡിജിറ്റൽ സേവനങ്ങൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിക്കുന്ന വിശദമായ ക്ലാസ് നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (NSIC) സോണൽ ജനറൽ മാനേജർ ശ്രീ.എം. ശ്രീവത്സൻ നയിച്ചു.

പബ്ലിക് പ്രൊക്യൂർമെൻറ് പോളിസി പ്രകാരമുള്ള ആനുകൂല്യങ്ങൾ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള NSIC യുടെ ഫ്ളാഗ്ഷിപ്പ് പദ്ധതിയാണ് സിംഗിൾ പോയിന്റ് രജിസ്ട്രേഷൻ പദ്ധതി. വിവിധ ദേശസാൽകൃത/സ്വകാര്യ മേഖലാ ബാങ്കുകളുമായി ചേർന്ന് സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയും സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താവുന്നതാണെന്ന് ശില്പശാലയിൽ അറിയിച്ചു. NSIC വഴി നടപ്പിലാക്കുന്ന വിവിധ ഡിജിറ്റൽ സേവനങ്ങളും സംസ്ഥാനത്തെ കൂടുതൽ സംരംഭകരിലേയ്ക്ക് എത്തിക്കുന്നതിന് കൂട്ടായി ശ്രമിക്കണമെന്ന് ശ്രീ.എം.ശ്രീവത്സൻ അറിയിച്ചു.

MSME പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, അതുവഴി മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും അവയെ സുസ്ഥിരമാക്കുന്നതിനും ദേശീയ അന്തർദേശീയ തലത്തിലേക്ക് വളർത്തി എടുക്കുന്നതിനുമായാണ് ZED പദ്ധതി നടപ്പിലാക്കുന്നത്. ഉദ്യം രജിസ്ട്രേഷൻ’ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ MSME കൾക്കും MSME സുസ്ഥിര (ZED) സർട്ടിഫിക്കേഷൻ’ സ്കീമിൽ പങ്കെടുക്കാനും അനുബന്ധ ആനുകൂല്യങ്ങൾ / ഇൻസെന്റീവുകൾ നേടാനും അർഹതയുണ്ട്.

ZED സർട്ടിഫിക്കേഷനിലൂടെ, പ്രകൃതി വിഭവങ്ങൾ പാഴാക്കുന്നത് ഗണ്യമായി കുറയ്ക്കാനും, ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും, പരിസ്ഥിതി അവബോധം സൃഷ്ടിക്കാനും, ഊർജ്ജം ലാഭിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ തൊഴിൽ സംസ്കാരം, ഉൽപന്നങ്ങളുടെ നിലവാരം എന്നിവയിൽ മികച്ച രീതികൾ സ്വീകരിക്കാൻ’ MSME കളെ പ്രേരിപ്പിക്കും. ആഗോളതലത്തിൽ MSME കളെ വളർത്തി എടുക്കുന്നതിനും അവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി ഹാൻഡ്ഹോൾഡിംഗ്, മാനേജ്മെന്റ്, സാങ്കേതിക ഇടപെടൽ തുടങ്ങിയവയും ZED സർട്ടിഫിക്കേഷൻ’ ലക്ഷ്യമിടുന്നുണ്ട്.

2023 ആഗസ്റ്റ് 2 ന്, തിരുവനന്തപുരം ഹോട്ടൽ റസിഡൻസി ടവറിൽ വച്ച് നടന്ന പരിപാടിയിൽ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ, ZED കൺസൾട്ടന്റ്, ശ്രീ.ഷാനവാസ് കെ.എം ആണ് ക്ലാസ്സുകൾ നയിച്ചത്.നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (NSIC), സോണൽ ജനറൽ മാനേജർ, ശ്രീ.എം.ശ്രീവത്സൻ; NSIC-കൊച്ചി ചീഫ് മാനേജർ, ശ്രീ. ഡി. പോൾ ബ്രൈറ്റ് സിംഗ്, NSIC മാനേജർ, ശ്രീമതി ഗ്രേസ് റെജി, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ.കെ.എസ്.കൃപകുമാർ, ശ്രീ. രാജീവ് ജി., ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



## ലാഭത്തേരിലേറി
## കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
# 2022-23 വർഷത്തെ ലാഭവിഹിതം സർക്കാരിന് കൈമാറി

പൊതുമേഖലാ വ്യവസായ സ്ഥാപനമായ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ (കെഎംഎംഎൽ) 2022-23 വർഷത്തെ ലാഭവിഹിതം ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് കൈമാറി. 6 കോടിയിലധികം രൂപയാണ് ലാഭവിഹിതമായി ഓണക്കാലത്തിന് മുൻപായി കൈമാറിയത്. മൂലധനത്തിന്റെ 20 ശതമാനമാണിത്. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്., വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ്., കെഎംഎംഎൽ മാനേജിംഗ് ഡയറക്ടർ ശ്രീ.ചന്ദ്രബോസ് ജെ. എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ബഹു. മുഖ്യമന്ത്രിക്ക് ലാഭവിഹിതം കൈമാറിയത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2022-23) ചരിത്ര ലാഭവുമായി മിനറൽ സെപ്പറേഷൻ യൂണിറ്റാണ് കെഎംഎംഎല്ലിന്റെ കുതിപ്പിന് കരുത്ത് പകർന്നത്. 103.58 കോടി രൂപ ലാഭം നേടിയ കെഎംഎംഎൽ 896.40 കോടി രൂപയുടെ വിറ്റുവരവും സ്വന്തമാക്കിയിരുന്നു. മിനറൽ സെപ്പറേഷൻ യൂണിറ്റിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭമാണ് ഈ വർഷം നേടിയ 89 കോടി രൂപ. കഴിഞ്ഞ വർഷം 17.60 കോടി രൂപ മാത്രമായിരുന്നു യൂണിറ്റിന്റെ ലാഭം. ഒപ്പം സില്ലിമനൈറ്റിന്റെ ഉൽപാദനത്തിലും വിപണനത്തിനും റെക്കോർഡ് നേട്ടം കൈവരിച്ചു. 8855 ടൺ സില്ലിമനൈറ്റ് ഉൽപാദനം നടത്തിയ സ്ഥാപനം 8230 ടൺ വിപണനവും നടത്തി.

2019ൽ മിനറൽ സെപ്പറേഷൻ യൂണിറ്റിൽ നടത്തിയ പ്ലാന്റ് നവീകരണം യൂണിറ്റിനെ മികച്ച നേട്ടം കൈവരിക്കുന്നതിന് സഹായിച്ചു. കരിമണലിൽ നിന്ന് ധാതുക്കൾ വേർതിരിക്കുന്ന നവീന സംവിധാനമായ 'ഫ്രോത്ത് ഫ്ളോട്ടേഷൻ' നടപ്പാക്കുകയും നൂതന സില്ലിമനൈറ്റ് റിക്കവറി സിസ്റ്റം കമ്മീഷൻ ചെയ്യുകയും ചെയ്തു. ഒപ്പം ഉൽപാദനത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം ഇല്ലാതാക്കുന്നതിന് കൈകൊണ്ട നടപടികൾ മികച്ച ഉൽപാദനം നടത്തുന്നതിന് സഹായകരമാവുകയും ചെയ്തു.

# ഇലക്ട്രിക് വാഹന രംഗത്ത് കുതിക്കാൻ കേരളവും
## തദ്ദേശീയമായി ലിഥിയം ടൈറ്റനേറ്റ് (എൽടിഒ) ബാറ്ററി വികസിപ്പിച്ച് കേരളം

ഇലക്ട്രിക് വാഹന ഉൽപ്പാദനരംഗത്ത് വൻമാറ്റങ്ങൾക്ക് വഴിവയ്ക്കുന്ന ലിഥിയം ടൈറ്റനേറ്റ് (എൽടിഒ) ബാറ്ററി തദ്ദേശീയമായി വികസിപ്പിച്ച് കേരളം. സംസ്ഥാനത്ത് ഇ വാഹനനയം രൂപീകരിക്കുന്നതിന്റെ നോഡൽ ഏജൻസിയായ കെ ഡിസ്കിന്റെ മുൻകൈയെടുത്ത് രൂപീകരിച്ച ഇവി ഡെവലപ്മെന്റ് ആൻഡ് മാനുഫാക്ചറിങ് കൺസോർഷ്യമാണ് ബാറ്ററി വികസിപ്പിച്ചത്.




വിഎസ്എസ്സി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, സിഡാക് തിരുവനന്തപുരം, ട്രിവാൻഡ്രം എൻജിനിയറിങ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് എന്നിവരാണ് കൺസോർഷ്യത്തിലെ പങ്കാളികൾ. മികച്ച ഊർജസാന്ദ്രത, വേഗത്തിലുള്ള ചാർജിങ്, ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയുള്ളതാണ് ബാറ്ററി. ബാറ്ററിയുടെ പ്രോട്ടോടൈപ്പ് തലസ്ഥാനത്ത് സംഘടിപ്പിച്ച ചടങ്ങിൽ വിഎസ്എസ്സി ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായരിൽ നിന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഏറ്റുവാങ്ങി. ബാറ്ററി വികസിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച വി.എസ്.എസ്.സി മുൻ ഡെപ്യൂട്ടി ഡയറക്ടർമാരായ ഡോ. എസ്. എ. ഇളങ്കോവൻ, ശ്രീ. ഹാരിഷ് സി.എസ്. എന്നിവരെ ചടങ്ങിൽ ആദരിച്ചു.

മികച്ച ഊർജ്ജ സാന്ദ്രത, വേഗത്തിലുള്ള ചാർജിങ്ങ്, ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയുള്ള ബാറ്ററി ഭാവിയിൽ ഹരിതോർജ്ജ ഇന്ധന ലഭ്യതയുടെ പുതിയ വഴി തെളിക്കും. കേരളത്തെ വ്യവസായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് തയ്യാറാക്കിയ 2023 വ്യവസായ നയത്തിലെ 22 മുൻഗണനാ മേഖലയിൽ പ്രധാനപ്പെട്ടതാണ് ഇലക്ട്രിക് വാഹന മേഖല. മോണോസൈറ്റ്, തോറിയം, ഇൽമനൈറ്റ് തുടങ്ങിയ മൂലകങ്ങളാൽ സമ്പന്നമായ കേരളത്തിന്റെ ധാതുസമ്പത്ത് വേണ്ടവിധം വ്യാവസായികമായി പ്രയോജനപ്പെടുത്തുന്നതിന് ഇത്തരത്തിലുള്ള കണ്ടുപിടിത്തങ്ങൾ വഴി തെളിയിക്കും.









**ന്യൂഡൽഹിയിലെ ജനക്പുരിയിലെ ദില്ലി ഹാട്ടിൽ മുള ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിൽപ്പനയ്ക്കുമായി നാഷണൽ ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിന് 2 സ്റ്റാളുകൾ അനുവദിച്ചിരുന്നു. കേരളത്തിൽ നിന്നും കേരള സംസ്ഥാന ബാംബൂ മിഷന്റെ നേതൃത്വത്തിൽ ഉറവ് (എൻജിഒ), കേരള ബാംബൂ കമ്യൂൺ (സൊസൈറ്റി) എന്നീ സ്ഥാപനങ്ങൾ 2023 ജൂലൈ 17 മുതൽ ഓഗസ്റ്റ് 6 വരെ 10 ദിവസം വീതം രണ്ടു സെക്ഷനുകളിലായി 20 ദിവസം പങ്കെടുത്തു.**

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.